## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *84

30.10.2019-ൽ മറുപടിയ്ക്ക്.

### മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം

**ചോദ്യം**

**ശ്രീ.ഇ.കെ.വിജയൻ**
**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീ.എൽദോ എബ്രഹാം**

**ഉത്തരം**

**ശ്രീ.കെ രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ സവിശേഷതകൾ വിശദമാക്കുമോ;

(എ) സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുക, ഉയർന്ന ജനിതക ഗുണവും ഉയർന്ന ഉല്പാദനക്ഷമതയുമുള്ള ഉരുക്കളെ കർഷകർക്ക് ലഭ്യമാക്കുക, കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരിക, നിലവിലെ ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുക തുടങ്ങിയവയാണ് മിൽക്ക്ഷെഡ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ പദ്ധതിയുടെ ഭാഗമായി പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| ക്രമ നം. | ഇനവിവരം | ധനസഹായം (രൂപയിൽ) |
|---|---|---|
| 1 | ഗോദാനം 1 പശു യൂണിറ്റ് | 35,000 |
| 2 | 2 പശു യൂണിറ്റ് | 69,000 |
| 3 | 5 പശു യൂണിറ്റ് | 1,84,000 |
| 4 | 10 പശു യൂണിറ്റ് | 3,83,000 |
| 5 | 5 കിടാരി യൂണിറ്റ് | 98,800 |
| 6 | 10 കിടാരി യൂണിറ്റ് | 1,96,400 |
| 7 | കറവയന്ത്രം വാങ്ങുന്നതിന് | ചെലവഴിക്കുന്ന തുക യുടെ 50% പരമാവധി 25,000 |
| 8 | അവശ്യാധിഷ്ഠിത ധനസഹായപദ്ധതി | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 9 | കാലിത്തൊഴുത്ത് നിർമ്മാണം | 50,000 |

(ബി) കൂടുതൽ ഉല്പാദനക്ഷമതയുള്ള മികച്ചയിനം കിടാരികളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഉത്പാദനക്ഷമതയുള്ള കിടാരികളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.
മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ കൊമ്പോസിറ്റ് ഡയറി യൂണിറ്റിൽ കറവപശുക്കളോടൊപ്പം കിടാരികളും ഉൾപ്പെടുന്നുണ്ട്.

| | | |
|---|---|---|
| | | ഉയർന്ന വർഗ്ഗഗുണവും ഉത്പാദന ക്ഷമത ഉറപ്പവരുത്തുവാനും കഴിയുന്ന കിടാരികളെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.<br>ഉൽപാദന ക്ഷമത കൂടിയതും ഉയർന്ന വർഗ്ഗ ഗുണമുള്ള കിടാരികളുടെ ലഭ്യത തദ്ദേശിയമായി ഉറപ്പാക്കുന്നതിന് ഹീഫർ പാർക്ക് എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. 100 കിടാരികൾ ഉൾപ്പെട്ട ഹീഫർ പാർക്കിന് 19,37,500 ലക്ഷം രൂപ സബ്സിഡിയായും നൽകുന്നു. |
| (സി) | ഈ പദ്ധതി പ്രകാരം കാലിത്തൊഴുത്ത് നിർമ്മാണത്തിനായി സഹായം നല്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) കാലിത്തൊഴുത്ത് നിർമ്മാണത്തിനായി സഹായം നൽകുന്നു. പുതുതായി കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ 50% എന്ന നിരക്കിൽ പരമാവധി 50,000/- രൂപ വരെ ധനസഹായം നൽകുന്നു. കൂടാതെ ആവശ്യാധിഷ്ഠിത പദ്ധതി പ്രകാരം കർഷകർക്ക് കാലിത്തൊഴുത്ത് നിർമ്മാണത്തിന് സഹായം നൽകുന്നുണ്ട്. 2019-20 വർഷത്തിൽ 1000 കാലിത്തൊഴുത്ത് നിർമ്മാണത്തിന് 543 ലക്ഷം രൂപയും ആവശ്യാധിഷ്ഠിത സഹായത്തിനായി 745 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പദ്ധതി മുഖേന കറവയന്ത്രങ്ങൾ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ആയതിനുള്ള നിബന്ധനകൾ വിശദമാക്കാമോ? | (ഡി) കറവക്കാരുടെ ദൗർലഭ്യം കണക്കിലെടുത്തും കൂടുതൽ പശുക്കൾ വളർത്തുന്ന കർഷകരുടെ സൗകര്യം കണക്കിലെടുത്തും കറവയന്ത്രങ്ങൾ വാങ്ങുന്നതിന് സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കറവയന്ത്രത്തിന്റെ വിലയുടെ 50% എന്ന നിരക്കിൽ പരമാവധി 50,000/- രൂപ വരെയാണ് ധനസഹായമായി നൽകുന്നത്.<br>2019-20 വർഷത്തിൽ കറവയന്ത്രം വാങ്ങുന്നതിന് 68.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ 567 കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്.<br>അഞ്ചിൽ കൂടുതൽ കറവപശുക്കൾ വളർത്തുന്നവർക്കാണ് കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം നല്കുന്നത്. |

**സെക്ഷൻ ഓഫീസർ**